LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റൽ

68(2927) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവ. ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ 46 സെന്റ് സ്ഥലം, ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി, പട്ടികവർഗ്ഗ വിഭാഗക്കാരായ പെൺകുട്ടികൾക്കായി ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള അനുമതിക്കായി വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വർഷങ്ങൾ പിന്നിട്ടിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ച് വരികയാണ്.

പാഠപുസ്തക അച്ചടി

69(2928) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാഠപുസ്തക അച്ചടി കെ.ബി.പി.എസ്. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

പൂർത്തീകരിച്ചിട്ടുണ്ട്. സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് 7-12-2015-നകം നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു.

പാഠപുസ്തക വിതരണം

70(2929) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക വിതരണം പൂർത്തീകരിച്ചോ; ഇപ്പോഴും പുസ്തകം വിതരണം നടന്നിട്ടില്ലെന്നുള്ള കാര്യം ശരിയാണോ; ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുള്ളതായി കരുതുന്നുണ്ടോ;

(ബി) അർദ്ധവാർഷിക പരീക്ഷ ആയിട്ടും പുസ്തക വിതരണം നടന്നിട്ടില്ലെങ്കിൽ ആയത് പൊതു വിദ്യാഭ്യാസ രംഗത്തെ തകർക്കുമെന്ന ആക്ഷേപത്തിൻമേൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് 7-12-2015-നകം നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു. ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ട്.

പാഠപുസ്തക അച്ചടി ടെൻഡർ

71(2930) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പാഠപുസ്തക അച്ചടിയിൽ വ്യാപകമായി ക്രമക്കേട് നടന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളുടെ പാഠപുസ്തകങ്ങൾ അച്ചടിക്കാൻ ആരെയാണ് ഏല്പിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പാഠപുസ്തകങ്ങൾ അച്ചടിക്കാനായി ടെണ്ടർ ക്ഷണിച്ചിരുന്നത് എന്നാണ്; ഇതിനായി നിർദ്ദേശം നൽകിയത് ആരാണെന്നും എത്ര സ്ഥാപനങ്ങളാണ് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തതെന്നും വ്യക്തമാക്കുമോ ;

(ഡി) ടെണ്ടർ നടപടിക്രമപ്രകാരം ബാങ്ക് വഴി ഗ്യാരന്റി സമർപ്പിക്കാൻ 48 മണിക്കൂർ വേണമെന്നിരിക്കേ, മണിപ്പാൽ ടെക്നോളജീസ് എന്ന സ്ഥാപനം മാത്രം സമയപരിധിക്കുള്ളിൽ ടെൻഡർ നല്കിയതിനെ കുറിച്ചും കുറഞ്ഞ തുകയ്ക്ക് ടെൻഡർ നൽകിയ മറ്റു രണ്ടു സ്ഥാപനങ്ങൾ ടെണ്ടറിൽനിന്നും പുറത്തായതിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തുമോ;

(ഇ) പാഠപുസ്തകങ്ങൾ അച്ചടിക്കാൻ സി-ആപ്റ്റിന് സാങ്കേതിക സംവിധാനങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പാഠപുസ്തക അച്ചടി സി-ആപ്റ്റിനെ ഏല്പിച്ചത് എന്തിനാണ്?

LIBRARY ARCHIVES Kerala Legislative Assembly